**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5115** **20-07-2022 - ൽ മറുപടിയ്ക്ക്**

**ബോട്ട് മാസ്റ്റർ ലൈസൻസ് വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | തുറമുഖ വകുപ്പ് വഴി വിതരണം ചെയ്യുന്ന ലൈസൻസുകൾ ഏതെല്ലാമെന്നും ഇവ എന്ന് മുതലാണ് വകുപ്പ് വഴി വിതരണം ചെയ്യുന്നതെന്നും വിശദമാക്കാമോ; | (എ) | 2010 ലെ കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് കം ഡ്രൈവർ, സർവീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകി വരുന്നു. ഇതു കൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970 ലെ ഹാർബർ ക്രാഫ്റ്റ് ചട്ട പ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡ് ആണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്. |
| (ബി) | ജലസേചന വകുപ്പ് വഴി നല്കിയിരുന്നതും നിലവിൽ തുറമുഖ വകുപ്പ് മുഖേന നൽകേണ്ടതുമായ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് പുതുതായി നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ; | (ബി) | കനാൽ റൂൾ ഭേദഗതി ചെയ്തുകൊണ്ട് 2010 ൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ നിലവിൽ വരുകയും പ്രസ്തുത റൂൾ നടപ്പിലാക്കുന്നതിന് തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇൻലാന്റ് വെസ്സൽസ് ആക്റ്റ്, 1917 നെ അസാധുവാക്കിക്കൊണ്ട് ഇൻലാന്റ് വെസ്സൽസ് ആക്റ്റ്, 2021 പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നതിനുസരിച്ച് ലൈസൻസുകൾ അനുവദിക്കുന്നതാണ്. |
| (സി) | തുറമുഖ വകുപ്പ് വഴി ബോട്ട് മാസ്റ്റർ ലൈസൻസ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കനാൽ റൂൾ ഭേദഗതി ചെയ്തുകൊണ്ട് 2010 ൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ നിലവിൽ വരുകയും പ്രസ്തുത റൂൾ നടപ്പിലാക്കുന്നതിന് തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇൻലാന്റ് വെസ്സൽസ് ആക്റ്റ്, 1917 നെ അസാധുവാക്കിക്കൊണ്ട് ഇൻലാന്റ് വെസ്സൽസ് |

| | | | |
|---|---|---|---|
| | | | ആക്ട്, 2021 പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നതിനുസരിച്ച് ലൈസൻസുകൾ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ